# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ :7202. 3..11..2011-ൽ മറുപടിക്ക്

## പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ. | ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യമുള്ളതായും, മായം കലർന്നതുമാണെന്ന ധാരാളം ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇത്തരം മാലിന്യങ്ങൾ ഒഴിവാക്കി ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കാമോ; | (എ) പാലിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണനിലവാരം കുറഞ്ഞ പാൽ കേരളത്തിൽ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസ് മുഖാന്തിരം ജില്ലയിൽ വില്പന നടത്തുന്ന എല്ലാ മാർക്കറ്റ് മിൽക്കുകളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നു. ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ക്ഷീരകർഷകനിൽ നിന്നും പാൽ വാങ്ങുന്ന പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് കുറ്റമറ്റതും ആധുനികവുമായ പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനു വേണ്ടി ആധുനിക ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന എ.എം.സി.യു. (ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്) ക്ഷീരസഹകരണ സംഘങ്ങളിൽ സ്ഥാപിച്ചു വരുന്നു. കൂടാതെ, പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരസംഘങ്ങളിൽ തന്നെ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ.